2024
FEBRUARY
20
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

കേന്ദ്രത്തിന്റെ 5 വർഷ ഫോർമുല തള്ളി കർഷകർ; ദില്ലി ചലോ മാർച്ച് ബുധനാഴ്ച പുനരാരംഭിക്കും

ചണ്ഡിഗഢ്: ഞായറാഴ്ച നടന്ന നാലാംവട്ട മന്ത്രിതല ചർച്ചയിൽ സർക്കാർ മുന്നോട്ടുവച്ച അഞ്ചുവർഷ ഫോർമുലയെ തള്ളി കർഷക സംഘടനകൾ. സമരത്തിൽ നേരിട്ടു പങ്കെടുക്കാത്ത സംയുക്ത കിസാൻ മോർച്ച (എസ്കെഎം) സർക്കാരിന്റെ നിർദേശം അംഗീകരിക്കാനാവില്ലെന്ന തീരുമാനം സ്വീകരിച്ചതിനു പിന്നാലെയാണ് പ്രതിഷേധക്കാർ നിലപാട് വ്യക്തമാക്കിയത്. ബുധനാഴ്ച മുതൽ ഡൽഹിയിലേക്ക് സമാധാനപരമായി മാർച്ച് നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് കർഷക നേതാവ് സർവൻ സിങ് പാന്ഥേർ വ്യക്തമാക്കി.

അടുത്ത അഞ്ചുവർഷത്തേക്കു കർഷകരിൽനിന്ന് പയറുവർഗങ്ങൾ, പരുത്തിവിളകൾ, ചോളം എന്നിവ സർക്കാരിന്റെ സഹകരണ സംഘങ്ങൾ വഴി താങ്ങുവിലയ്ക്കു വാങ്ങാമെന്ന നിർദേശമാണ് എസ്കെഎം തള്ളിയത്. യഥാർഥ പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധ തിരിക്കാനാണ് സർക്കാർ ഈ നിർദേശം മുന്നോട്ടുവച്ചതെന്നും ആരോപിച്ചു. ഇപ്പോൾ നടക്കുന്ന സമരത്തിൽ കിസാൻ മോർച്ച രാഷ്ട്രീയേതര വിഭാഗമാണ് പ്രധാനമായും പങ്കെടുക്കുന്നതെങ്കിലും എസ്കെഎമ്മിന്റെ നിരീക്ഷണങ്ങൾ കർഷകരുടെ ദില്ലി ചലോ മാർച്ചിനെ വീണ്ടും സംഘർഷഭരിതമാക്കിയേക്കും.

പഞ്ചാബ് ഹരിയാന അതിർത്തിയായ ശംഭുവിലേക്ക് ബുധനാഴ്ച കൂടുതൽ കർഷകർ സംഘടിച്ച് എത്തുമെന്നാണ് വിവരം. 2014ലെ തിരഞ്ഞെടുപ്പു പ്രകടന പത്രികയിൽ ബിജെപി വാഗ്ദാനം നൽകിയതുപോലെ, 23 ഇനം കാർഷിക വിളകളും അർഹമായ താങ്ങുവില നൽകി സംഭരിക്കാൻ സർക്കാർ തയാറാകണമെന്ന് എസ്കെഎം ആവശ്യപ്പെട്ടു.

നിലവിലുള്ള രീതിക്കു പകരം സ്വാമിനാഥൻ കമ്മിഷൻ നിർദേശിച്ചിട്ടുള്ള ഫോർമുല പ്രകാരമുള്ള താങ്ങുവില ലഭ്യമാക്കണം. നാലുവട്ടം ചർച്ച നടന്നിട്ടും നടപടിക്രമങ്ങൾ സുതാര്യമാക്കാനുള്ള നീക്കം മന്ത്രിമാരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. കടം എഴുതിത്തള്ളൽ, ഇൻഷുറൻസ്, വൈദ്യുതി നിരക്ക് വർധിപ്പിക്കാതിരിക്കൽ, കർഷകർക്കു മേൽ ചുമത്തപ്പെട്ട കേസ് പിൻവലിക്കൽ തുടങ്ങിയ ആവശ്യങ്ങളിൽ സർക്കാർ നടപടി സ്വീകരിച്ചില്ലെന്നും എസ്കെഎം ചൂണ്ടിക്കാട്ടി.

റബർ മേഖലയ്ക്ക് സാമ്പത്തിക സഹായം 709 കോടി രൂപയായി ഉയർത്തി

ന്യൂഡൽഹി: റബർ മേഖലയ്ക്കുള്ള കേന്ദ്ര സർക്കാരിൻറെ സാമ്പത്തിക സഹായം അടുത്ത 2 സാമ്പത്തിക വർഷങ്ങളിലേക്ക് 576.41 കോടിയിൽ നിന്ന് 708.69 കോടി രൂപയായി ഉയർത്തി. 23 ശതമാനമാണു വർധന.

202425, 202526 സാമ്പത്തിക വർഷങ്ങളിൽ പരമ്പരാഗത മേഖലകളിലെ 12,000 ഹെക്റ്ററിൽ റബർ നടുന്നതിന് 43.50 കോടി നൽകും. ഇതോടെ, ഹെക്റ്ററിന് 25,000 രൂപയായിരുന്ന സഹായം 40,000 രൂപയാകും. ഇതേ കാലയളവിൽ പാരമ്പര്യേതര മേഖലകളിൽ 3752 ഹെക്റ്ററിൽ റബർ കൃഷി വ്യാപിപ്പിക്കും. ഇതിനായി18.76 കോടി രൂപ നീക്കിവച്ചു. ഹെക്റ്ററിന് 50,000 രൂപയുടെ നടീൽ വസ്തുക്കൾ റബർ ബോർഡ് നൽകും.

വടക്ക് കിഴക്കൻ മേഖലയിൽ 'ഇൻറോഡ് 'പദ്ധതിക്ക് കീഴിൽ നടത്തുന്ന പ്ലാൻറേഷന് പുറമെ ആയിരിക്കും ഇത്. പാരമ്പര്യേതര പ്രദേശങ്ങളിലെ പട്ടികജാതി കർഷകർക്ക് ഹെക്റ്ററിന് 2,00,000 രൂപ നിരക്കിൽ നടീൽ സഹായം നൽകും. ഇവിടെ പുതിയ നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കാൻ 20 നഴ്സറികൾക്ക് 2,50,000 രൂപ സഹായം നൽകും. ഉത്പാദന വർധനയ്ക്കും റബർ ഉത്പാദക സംഘങ്ങൾക്കു പ്രോത്സാഹനത്തിനുമായും തുക നീക്കിവച്ചിട്ടുണ്ട്.

ലാറ്റക്സ് ശേഖരണത്തിനും 55 ആർപിഎസുകൾക്ക് ഡിആർസി പരിശോധനാ ഉപകരണങ്ങൾക്കും ഓരോ ആർപിഎസിനും 40,000 രൂപ വരെ സഹായം നൽകും.

റബർ ബോർഡിൻറെ ഡിജിറ്റൈസേഷനായി 8.91 കോടി രൂപ വകയിരുത്തി. വിദ്യാഭ്യാസ സ്റ്റൈപ്പൻഡ്, സ്ത്രീ ശാക്തീകരണ പദ്ധതികൾ, വീട് നിർമാണത്തിനുള്ള സഹായം, ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ്, വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി, പെൻഷൻ പദ്ധതി, എന്നിങ്ങനെയുള്ള വിവിധ പ്രവർത്തനങ്ങൾക്ക് അടുത്ത രണ്ട് വർഷത്തേക്ക് 7.02 കോടി രൂപ നീക്കിവച്ചു.

മോദി കശ്മീരിലേക്ക്; സമർപ്പിക്കുക 32,000 കോടിയുടെ പദ്ധതികൾ, 1500 പേർക്ക് സർക്കാർ ജോലി

ന്യൂഡൽഹി: ലോക്സഭാ തിരഞ്ഞെടുപ്പു പ്രഖ്യാപനത്തിനു ദിവസങ്ങൾ ശേഷിക്കെ പ്രധാനമന്ത്രി നരേന്ദ്ര മോദി ചൊവ്വാഴ്ച ജമ്മു കശ്മീരിലെത്തും. രണ്ടാം തവണ പ്രധാനമന്ത്രിയായ ശേഷമുള്ള മോദിയുടെ രണ്ടാമത്തെ സന്ദർശനമാണിത്. ഇതിനുമുൻപ് 2022 ഏപ്രിലിലായിരുന്നു സന്ദർശനം. 32,000 കോടി രൂപയുടെ വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്യും. 1,500 പേർക്കു സർക്കാർ ജോലി നൽകികൊണ്ടുള്ള ഉത്തരവും കൈമാറും.

"ജമ്മു കശ്മീരിലെ ജനങ്ങളുടെ ജീവിതം സുഗമമാക്കാൻ ഉതകുന്ന പ്രധാന വികസന പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യാൻ ജമ്മുവിൽ എത്തുകയാണ്. ഐഐടികളും ഐഐഎമ്മുകളും ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങൾക്ക് സ്ഥിരം കാംപസുകൾ ലഭിക്കുന്നതിനാൽ വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ചിടത്തോളം ഇതു നാഴികക്കല്ലായിരിക്കും" പ്രധാനമന്ത്രി എക്സിൽ കുറിച്ചു.

കേന്ദ്രസർക്കാരിന്റെ വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളുമായി മോദി സംവദിക്കും. 'വികസിത് ഭാരത്, വികസിത് ജമ്മു' എന്നാണു പരിപാടിക്കു പേരിട്ടിരിക്കുന്നത്. മൗലാന ആസാദ് സ്റ്റേഡിയത്തിൽ രാവിലെ 11.30നാണ് പരിപാടി. ആരോഗ്യം, വിദ്യാഭ്യാസം, റോഡ്, റെയിൽ, പെട്രോളിയം ഉൾപ്പെടെയുള്ള മേഖലകളിലെ വിവിധ പദ്ധതികൾക്കു തറക്കല്ലിടും.

പൈൽസ്
ആണോ പ്രശ്നം?

രക്തസ്രാവം, വേദന, ചൊറിച്ചിൽ, നീറ്റൽ അഥവാ പുകച്ചിൽ, വീക്കം കൂടാതെ ദഹനക്കേട്, അസിഡിറ്റി, മലബന്ധം, ഗ്യാസ്ട്രബിൾ, ഫിസ്റ്റുല എന്നിവയ്ക്കും ആശ്വാസം

"സുരക്ഷിതവും ഫലപ്രദവുമായ ആയുർവ്വേദ ഔഷധം"

PUNARJITH
KUROL
An Ayurvedic Proprietary Medicine

Customer Care No: +91 7559964455
Free Doctor Consultation 759 383 4781

www.punarjith.com

വി.ഐ.പി ഡ്യൂട്ടി : ബഹിഷ്കരിക്കുമെന്ന് കെ.ജി.എം.ഒ.എ

കൊച്ചി : വിഐപി ഡ്യൂട്ടിക്ക് ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും നിയോഗിക്കുമ്പോൾ പാലിക്കേണ്ടതും ശ്രദ്ധിക്കേണ്ടതുമായ നിർദ്ദേശങ്ങൾ അടങ്ങിയ സർക്കാർ ഉത്തരവ് നടപ്പാക്കാത്ത പക്ഷം വി.ഐ.പി.ഡ്യൂട്ടികൾ ബഹിഷ്കരിക്കേണ്ടിവരുമെന്ന് കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസ്സോസിയേഷൻ (കെ.ജി.എം.ഒ.എ) പറഞ്ഞു.

നിലവിലെ സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് ആരോഗ്യവകുപ്പ്, പോലീസ്, ടൂറിസം വകുപ്പുകൾ പെരുമാറുന്നതെന്ന് സംഘടന കുറ്റപ്പെടുത്തി. നിലവിലെ സർക്കാർ ഉത്തരവിന് വിധേയമായിട്ടുവേണം ഡ്യൂട്ടി നിശ്ചയിക്കാൻ എന്നാവശ്യപ്പെട്ട് സംഘടന പലവട്ടം ജില്ലാ കളക്ടർക്കും, ജില്ലാ മെഡിക്കൽ ഓഫീസർക്കും പരാതി നൽകിയിട്ടും ശാശ്വത പരിഹാരം നാളിതുവരെ ആയിട്ടില്ല.



കഴിഞ്ഞദിവസം വി.ഐ.പി.ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട ആരോഗ്യ പ്രവർത്തകർ രാത്രി വളരെ വൈകി സംഘടിപ്പിച്ച ഭക്ഷണം എറണാകുളം ജനറൽ ആശുപത്രിക്ക് പുറത്ത് തറയിൽ വച്ച് കഴിക്കുന്ന പരിതാപകരമായ ദൃശ്യം.

എറണാകുളം ജില്ലായിലെ ആരോഗ്യ പ്രവർത്തകരാണ് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വി.ഐ.പി ഡ്യൂട്ടിക്ക് വിധേയരാകുന്നത്. മിക്കപ്പോഴും വി.ഐ.പികൾ അവരുടെ വ്യക്തിപരമായ ആവശ്യങ്ങൾക്ക് പോലും ജില്ലയിൽ വരുമ്പോൾ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ ആംബുലൻസ് അടക്കം ഡോക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നു.ഇത് മൂലം സർക്കാർ ആശുപത്രികളുടെ പ്രവർത്തനം അവതാളത്തിലാവുകയും, ആശുപത്രിയിൽ എത്തുന്ന നിർദ്ദനരായ രോഗികൾക്ക് ചികിത്സ ലഭിക്കാതെ വരുന്നു.

കൂടാതെ വിഐപി ഡ്യൂട്ടിക്ക് വിധേയരാകുന്ന ആരോഗ്യപ്രവർത്തകർക്ക് ഭക്ഷണമോ, താമസിക്കാനൊരിടാമോ, പ്രാഥമിക കൃത്യങ്ങൾ നിറവേറ്റാനുള്ള സൗകര്യമോ പോലും ലഭിക്കാറില്ല. ഈ സാഹചര്യത്തിലാണ് വി.ഐ.പി.ഡ്യൂട്ടികൾ ബഹിഷ്കരിക്കുന്നതടക്കം പ്രത്യക്ഷ സമര പരിപാടികളെക്കുറിച്ച് സംസ്ഥാന കമ്മിറ്റിയുമായി കൂടിയാലോചിച്ച് തീരുമാനിക്കുമെന്ന് കെജിഎംഒഎ എറണാകുളം ജില്ലാ കമ്മിറ്റി അറിയിച്ചു.

ഐ.എ.പി കൊച്ചി ശാഖയുടെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങ് കലൂർ ഐ.എം.എ ഹൗസിൽ കെ.എം.ആർ.എൽ എം.ഡി ലോക്നാഥ് ബഹ്റ ഉദ്ഘാടനം ചെയ്യുന്നു. ഡോ.രമ പൈ,ഡോ. രേഖ സഖറിയ,ഡോ.അബ്രാഹം കെ.പോൾ, ഡോ.ആർ.രമേശ് കുമാർ, ഡോ. എം.എസ് നൗഷാദ്, ഡോ.എസ്.സച്ചിദാനന്ദ കമ്മത്ത്, ഡോ.എം.വേണുഗോപാൽ, ഡോ.വിവിൻ അബ്രാഹം, ഡോ.ഷിമ്മി പൗലോസ്, ഡോ.എം.എം.ഹനീഷ്, ഡോ.എബി മാത്യു എന്നിവർ സമീപം.

മയക്കുമരുന്ന് നിർമ്മാർജന പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണ : ലോക്നാഥ് ബഹ്റ ഐ.പി.എസ്

കൊച്ചി : കുട്ടികളുടെയും യുവാക്കളുടെയും ഇടയിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള ഐ.എ.പിയുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും കൊച്ചി മെട്രോ നൽകുമെന്ന് കെ.എം.ആർ.എൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബഹ്റ ഐ.പി.എസ്. കലൂർ ഐ.എം.എ ഹൗസിൽ നടന്ന ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് (ഐ.എ.പി) കൊച്ചി ശാഖയുടെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു ലോക്നാഥ് ബഹ്റ. ജനിച്ചു വീഴുന്ന കുട്ടിക്കോ, മാതാപിതാക്കൾക്കോ എന്താണ് തങ്ങളുടെ കുട്ടിയെ അലട്ടുന്ന രോഗമെന്ന് ഡോക്ടറോട് പറയുവാൻ സാധിക്കില്ല. ഈ അവസ്ഥയിൽ രോഗനിർണ്ണയം നടത്തി ചികിത്സ നടത്തുന്നത് പരിഗണിക്കുമ്പോൾ മറ്റ് മെഡിക്കൽ വിഭാഗക്കാരെക്കാളും ബുദ്ധിമുട്ട് ഉള്ള മെഡിക്കൽ പ്രൊഫഷനാണ് ശിശുരോഗ വിഭാഗം എന്നും അദ്ദേഹം പറഞ്ഞു.

ഐ.എ.പി കൊച്ചി ശാഖ പ്രസിഡന്റ് ഡോ. എം.എസ്. നൗഷാദ് അധ്യക്ഷത വഹിച്ചയോഗത്തിൽ ഐ.എ.പി കൊച്ചിയുടെ പ്രവർത്തന റിപ്പോർട്ട് സെക്രട്ടറി ഡോ. രേഖ സഖറിയായും, ചൈയിൽഡ് കെയർ സെന്ററിന്റെ റിപ്പോർട്ട് ഡോ.അബ്രാഹം കെ.പോളും, സിക്ക് ചിൽഡ്രൻ എയ്ഡ് ഫണ്ടിന്റെ റിപ്പോർട്ട് ഡോ. ടോണി മാമ്പള്ളിയും അവതരിപ്പിച്ചു. ഡോ. എം. വേണുഗോപാൽ ഐ.എ.പി കൊച്ചിയുടെ പുതിയ പ്രസിഡന്റ് ഡോ.വിവിൻ അബ്രാഹമിനെ സദസിന് പരിചയപ്പെടുത്തി. ഡോ.എസ്.സച്ചിദാനന്ദ കമ്മത്ത് സ്ഥാനോരോഹണം നടത്തിച്ചു. ഐ.എ.പി മുൻ ദേശീയ പ്രസിഡന്റ് ഡോ. ആർ.രമേശ് കുമാർ, സംസ്ഥാന പ്രസിഡന്റ് ഷിമ്മി പൗലോസ്, ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. എം.എം.ഹനീഷ്, ഐ.എ.പി. കൊച്ചി സെക്രട്ടറി ഡോ. എബി മാത്യു, ട്രഷറർ ഡോ.രമ പൈ എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽ കൊച്ചികണക്ട് എഡിറ്റർ ആമിന സുൾഫിയെ ആദരിച്ചു. നവജാതശിശുക്കളിലെ കേൾവി പരിശോധനയ്ക്കുള്ള യന്ത്രം റോട്ടറി ക്ലബ് ഓഫ് കൊച്ചി പ്രസിഡന്റ് പ്രകാശ് അസ്വാനി ലോക്നാഥ് ബഹ്റയ്ക്ക് കൈമാറി.

ജിപിറ്റി ഹെൽത്ത്കെയർ ഐപിഒ 22ന്

കൊച്ചി: മുൻനിര മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രി ശൃംഖലയായ ഐഎൽഎസ് ഹോസ്പിറ്റൽസ് ഉടമകളായ ജിപിറ്റി ഹെൽത്ത്കെയറിന്റെ പ്രഥമ ഓഹരി വിൽപ്പന (ഐപിഒ) ഫെബ്രുവരി 22ന് ആരംഭിക്കും. 10 രൂപ മുഖവിലുള്ള ഇക്വിറ്റി ഓഹരിയുടെ നിശ്ചിത വില 177 രൂപ മുതൽ 186 രൂപ വരെയാണ്. ഫെബ്രുവരി 26ന് ഐപിഒ ക്ലോസ് ചെയ്യും. നിക്ഷേപകർക്ക് വാങ്ങാവുന്ന ഏറ്റവും ചുരുങ്ങി ഓഹരികളുടെ എണ്ണം 80 ആണ്. ഐപിഒയിലൂടെ 525 കോടി രൂപ വരെ സമാഹരിക്കുകയാണ് ലക്ഷ്യം. 40 കോടി രൂപയുടെ പുതിയ ഓഹരികളും, നിക്ഷേപ ഓഹരി ഉടമകളുടെ കൈവശമുള്ള 2.6 കോടി വരെ ഓഹരികളുമാണ് ഐപിഒയിലൂടെ വിറ്റഴിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം വരുമാന വർധന കൈവരിച്ച് കമ്പനിയുടെ പ്രവർത്തനം പ്രധാനമായും കിഴക്കൻ ഇന്ത്യ കേന്ദ്രീകരിച്ചാണ്.

രോഗമുക്തിയുടെ പൂക്കാലം; അർബുദത്തെ അതിജീവിച്ചവർ ആസ്റ്റർ മെഡ്സിറ്റിയിൽ ഒത്തുകൂടി

കൊച്ചി: എല്ലാം അവസാനിച്ചുവെന്ന് കരുതിയിടത്ത് നിന്ന് പൊരുതിനേടിയ ബാക്കിജീവിതം പ്രതീക്ഷകളുടേതാണെന്ന് തെളിയിക്കുകയാണ് ആസ്റ്റർ മെഡ്സിറ്റിയിൽ നിന്ന് രോഗമുക്തി നേടിയവർ. ലോക കാൻസർ ദിനത്തോട് അനുബന്ധിച്ച് കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റി ആശുപത്രിയിൽ നടന്ന ചടങ്ങാണ് വൈകാരികനിമിഷങ്ങൾക്ക് സാക്ഷ്യം വഹിച്ചത്. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്ന് കാൻസറിനെ അതിജീവിച്ച ഇരുപതിലേറെപ്പേരാണ് ഒത്തുകൂടിയത്. റേഡിയേഷൻ തെറാപ്പിയിലൂടെ ജീവിതം തിരിച്ചുപിടിച്ചവർ ആസ്റ്റർ മെഡ്സിറ്റി അങ്കണത്തിൽ ഒരിക്കൽ കൂടി ഒത്തുചേർന്ന് പോരാട്ടത്തിന്റെ ഓർമ്മകൾ പങ്കുവെച്ചു. വാക്കുകൾ മുറിഞ്ഞും ഇടറിയും പ്രതിധ്വനിച്ച അന്തരീക്ഷം. അതിജീവിക്കാൻ പ്രേരിപ്പിച്ച ശക്തികൾക്കും മുന്നോട്ടുള്ള ജീവിതത്തിലെ പ്രതീക്ഷകൾക്കും സ്മാരകമായാണ് അവർ ആശുപത്രിയങ്കണത്തിൽ പൂച്ചെടികൾ നട്ടത്.

ഗാർഡൻ ഓഫ് ഹീൽ അഥവാ 'രോഗശാന്തിയുടെ തോട്ടം' എന്ന ഈ പൂന്തോട്ടം കാണുമ്പോൾ ഏവരിലും പ്രത്യാശയുണരണമെന്നാണ് ആശുപത്രി ജീവനക്കാരുടെ ആഗ്രഹം.

റേഡിയേഷൻ ഓങ്കോളജി സീനിയർ കൺസൾട്ടന്റ് ഡോ. ദുർഗപൂർണ, സർജിക്കൽ ഓങ്കോളജി സീനിയർ കൺസൾട്ടന്റ് ഡോ. ജെം കളത്തിൽ, ഹെമാറ്റോളജി ആൻഡ് ഹേമറ്റോ ഓങ്കോളജി സീനിയർ കൺസൽട്ടന്റ് ഡോ. രാമസ്വാമി എൻ വി, ഹെമാറ്റോളജി ആൻഡ് ഹേമറ്റോ ഓങ്കോളജി കൺസൽട്ടന്റ് ഡോ. ദീപക് ചാൾസ്, ആസ്റ്റർ മെഡ്സിറ്റി ഹെഡ് ഓഫ് ഓപ്പറേഷൻസ് ധന്യ ശ്യാമളൻ തുടങ്ങിയവരും മറ്റ് ആശുപത്രി ജീവനക്കാരും പരിപാടിയിൽ പങ്കെടുത്തു. ആശുപത്രിയോരത്തെ കായലിൽ ബോട്ട് സവാരിയും നടത്തിയാണ് അതിഥികൾ മടങ്ങിയത്.

ടോളിൻസ് ടയേഴ്സ് ഐപിഒയ്ക്ക്

കൊച്ചി: രാജ്യത്താകെ സാന്നിദ്ധ്യമുള്ള കേരളം ആസ്ഥാനമായുള്ള കമ്പനിയും ടയർ, ട്രെഡ്സ് വ്യവസായ മേഖലയിൽ മുൻനിരക്കാരുമായ ടോളിൻസ് ടയേഴ്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.

200 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 30 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സാഫ്രോൺ ക്യാപിറ്റൽ അഡ്വൈസേഴ്സ് പ്രൈവറ്റ് ലിമിറ്റഡാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ.

ബൊലേറൊ മാക്സ് പിക്ക്അപ്പ് ശ്രേണിയുടെ പുതിയ വേരിയൻറുകൾ മഹീന്ദ്ര അവതരിപ്പിച്ചു

കൊച്ചി: ഇന്ത്യയിലെ ചെറിയ വാണിജ്യ വാഹനങ്ങളുടെ വിപണിയിലെ മുൻനിരക്കാരായ മഹീന്ദ്ര & മഹീന്ദ്ര ലിമിറ്റഡ് (എം&എം) ബൊലേറൊ മാക്സ് പിക്ക്അപ്പ് ശ്രേണിയിലെ പുതിയ വേരിയൻറുകൾ അവതരിപ്പിച്ചു. എയർ കണ്ടീഷനിങ്ങും ഐമാക്സ് ആപ്പിലെ 14 പുതിയ ഫീച്ചറുകളും അടക്കമുള്ളവയിലൂടെ ഉപഭോക്താക്കളുടെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയാണ് പുതിയ അവതരണത്തിലൂടെ ലക്ഷ്യമിടുന്നത്.

ഒതുങ്ങിയതും വൈവിധ്യപൂർണവുമായ രൂപകൽപനയിലുള്ള ബൊലേറൊ മാക്സ് പിക്ക്അപ്പ് ശ്രേണി പേ ലോഡ് ശേഷി, ഇന്ധന ക്ഷമത, മൊത്തത്തിലുള്ള ഡ്രൈവിങ് അനുഭവങ്ങൾ തുടങ്ങിയവയുടെ കാര്യത്തിൽ ഉന്നത നിലവാരങ്ങളാണു മുന്നോട്ടു വെക്കുന്നത്. അവതരിപ്പിച്ചതു മുതൽ ബൊലേറൊ മാക്സ് ശ്രേണി നിരവധി നാഴികക്കല്ലുകളാണു പിന്നിട്ടിട്ടുള്ളത്. 1.4 ലക്ഷം വാഹനങ്ങളുടെ വിൽപന, റെക്കോർഡ് സമയത്തിനുള്ളിൽ ഒരു ലക്ഷം വാഹനങ്ങളുടെ നിർമാണം, വാണിജ്യ ലോഡ് വിഭാഗത്തിൽ പുതിയ നിലവാരങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയവയെല്ലാം ഇതിൽ പെടുന്നു. ഇതിനു പുറമെ ഒരൊറ്റ ദിവസം ഏറ്റവും കൂടുതൽ വാഹനങ്ങൾ ഡെലിവറി നടത്തിയത് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം പിടിച്ച് വൻ അംഗീകാരവും കരസ്ഥമാക്കി.

അസാധാരണമായതും വൈവിധ്യപൂർണമായതുമായ പ്രകടനത്തിൻറെ പേരിൽ ബൊലേറൊ മാക്സ് പിക്ക്അപ്പ് ശ്രേണി തങ്ങളുടെ വിലയേറിയ ഉപഭോക്താക്കളിൽ നിന്ന് വളരെയധികം അഭിനന്ദനമാണ് നേടിയിട്ടുള്ളതെന്ന് മഹീന്ദ്ര & മഹീന്ദ്ര ലിമിറ്റഡ് ഓട്ടോമോട്ടീവ് ഡിവിഷൻ സിഇഒ നളിനികാന്ത് ഗൊളഗുന്ത പറഞ്ഞു. കരുത്തുറ്റ നിർമാണം, മികച്ച പേ ലോഡ് ശേഷി, സമാനതകളില്ലാത്ത വിശ്വാസ്യത തുടങ്ങിയവയോടെ ബൊലേറൊ മാക്സ് പിക്ക്അപ്പ് ബിസിനസുകളുടേയും വ്യക്തികളുടേയും വിശ്വസ്ത പങ്കാളിയായിരിക്കുകയാണ്. ഏറ്റവും പുതിയ വേരിയൻറുകളിൽ എയർ കണ്ടീഷണിങ് കൂട്ടിച്ചേർത്തത് തങ്ങളുടെ ഉപഭോക്താക്കളുടെ സൗകര്യത്തിനോടു കാട്ടുന്ന പ്രതിബദ്ധതയാണ്. അവരുടെ ആവശ്യങ്ങൾ നിറവേറ്റാൻ തങ്ങൾ തുടർച്ചയായി ശ്രമിക്കുന്നത് ഇതിലൂടെ വീണ്ടും ഉറപ്പാക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ബൊലേറൊ മാക്സ് പിക്ക്അപ്പ് ശ്രേണിയിൽ ഡീസൽ, സിഎൻജി ഓപ്ഷനുകളിൽ മഹീന്ദ്രയുടെ ആധുനിക എം2ഡിഐ എഞ്ചിനാണുള്ളത്. 52.2 കെഡബ്ലിയു/200 എൻഎം മുതൽ 59.7 കെഡബ്ല്യു/220എൻഎം വരെ പവറും ടോർക്കുമാണിതിൻറെ സവിശേഷതകളിലൊന്ന്. 1.3 ടൺ മുതൽ 2 ടൺ വരെയുള്ള പേ ലോഡ് ശേഷിയും 3050 എംഎം വരെയുള്ള കാർഗോ ബെഡ് നീളവും ചരക്കുകൾ കൊണ്ടു പോകുന്നതിന് മികച്ച പിന്തുണയും നൽകും. സിഎംവിആർ സർട്ടിഫിക്കേഷനുള്ള ഡി+2 സീറ്റിങ്, ഉയരം ക്രമീകരിക്കാവുന്ന ഡ്രൈവർ സീറ്റുകൾ, ടേൺ സേഫ് ലാമ്പുകൾ, പട്ടണങ്ങൾക്കും ഹൈവേകൾക്കും അനുയോജ്യമായി പുനർ രൂപകൽപന ചെയ്ത ഇൻറീരിയറുകളും, എക്സ്ടീരിയറുകളും തുടങ്ങിയവയിലൂടെ ബൊലേറൊ മാക്സ് പിക്ക്അപ്പ് ശ്രേണി സൗകര്യത്തിനും പ്രവർത്തനത്തിനും മുൻഗണന നൽകുന്നു. ഹീറ്ററും ഡിമസ്റ്ററും ഉള്ള സംയോജിത എയർ കണ്ടീഷനിങ് ഡ്രൈവിങ് അനുഭവങ്ങളെ കൂടുതൽ മികവുറ്റതാക്കുന്നു. എസി ഉള്ളതോടെ നഗരങ്ങളിലെ ട്രാഫികും ഹൈവേയിലൂടെയുള്ള ദീർഘയാത്രകളും ഒരു മികച്ച അനുഭവമായി മാറുന്നു. ഉയർന്ന സൗകര്യങ്ങൾ തേടുന്ന ഉപഭോക്താക്കൾക്ക് ബൊലേറൊ ബൊലേറൊ മാക്സ് പിക്ക്അപ്പ് ശ്രേണി ഏറ്റവും മികച്ച തെരഞ്ഞെടുപ്പായി മാറുന്നു. ബൊലേറൊ മാക്സിൻറെ ആദ്യ അവതരണത്തിനു ശേഷം ഏറ്റവും പുതിയ ഐമാക്സ് അപ്ഡേറ്റ് 14 പുതിയ ഫീച്ചറുകളുമായി വാഹന മാനേജ്മെൻറ് സിസ്റ്റത്തിൻറെ പ്രവർത്തനക്ഷമതയും കാര്യക്ഷമതയും വർധിപ്പിക്കുകയാണ്. ജിയോഫെൻസ് അധിഷ്ഠിത കാമ്പെയിനിങ് മികച്ച പ്രവർത്തനങ്ങൾക്കായി ഡ്രൈവർ കം ഓണർ ഫീച്ചറുകൾ എന്നിവ മുഖ്യ മെച്ചപ്പെടുത്തലുകളിൽ ഉൾപ്പെടുന്നു. ഇതിനു പുറമെ മൈ മാക്സ് ഡ്രൈവർമാർക്ക് വിലയേറിയ പ്രകടന സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കുകയും ഇതോടൊപ്പം തന്നെ ഫ്ളീറ്റ് മാനേജർമാർക്ക് ഡെഡിക്കേറ്റഡ് പ്രൊഫൈലുകളിലൂടെ കൂടുതൽ നിയന്ത്രണവും ലഭിക്കുന്നു.

സിസ്റ്റത്തിൻറെ പുതിയ അലേർട്ടുകൾ വാഹന സുരക്ഷയ്ക്കും കാര്യക്ഷമതയ്ക്കും മുൻഗണന നൽകുന്നു. ആക്സിലറേഷൻ, പെട്ടെന്നുള്ള ബ്രേക്കിങ്, കൊടും വളവുകൾ, ഇന്ധന പൈലറേജ് കണ്ടെത്തൽ തുടങ്ങിയവ സംബന്ധിച്ച് മുന്നറിയിപ്പുകൾ ഇതു നൽകുന്നു. സുരക്ഷ മാത്രമല്ല കുറഞ്ഞ സംരക്ഷണ ചെലവുകൾ കൂടി ഇറപ്പാക്കുന്നതും മൊത്തത്തിലുള്ള കാര്യക്ഷമത വർധിപ്പിക്കുന്നതുമാണ് ഈ ഫീച്ചറുകൾ.

ഐമാക്സ് ഫീച്ചറുകൾ വിപണിയിൽ മികച്ച പ്രതിഫലനമാണു സൃഷ്ടിച്ചിട്ടുള്ളത്. 30,000ത്തിൽ പരം ഐമാക്സ് വാഹനങ്ങളാണ് ഇറങ്ങിയിട്ടുള്ളത്. ഫാസ്ടാഗ് സംയോജനം, ചെലവുകളുടെ ആസൂത്രണം പോലുള്ള തുടർച്ചയായ അപ്ഡേറ്റുകൾ കൂടുതലായുള്ള ഉപയോക്താക്കളുടെ ഉപയോഗവും നീണ്ടുനിൽക്കുന്ന ആപ്പ് ഉപയോഗവും വർദ്ധിപ്പിക്കുന്നു. ഫ്ളീറ്റ് മാനേജ്മെൻറിനുള്ള ഒരു അനിവാര്യ സംവിധാനമെന്ന നിലയിൽ ഇതിൻറെ സ്ഥാനം കൂടുതൽ ഉറപ്പിക്കുന്നു.

ഗാലക്സി എ34 5ജിയ്ക്ക് ക്യാഷ് ബാക്ക് ഓഫറുമായി സാംസങ്

കൊച്ചി: ഗാലക്സി എ34 5ജി സ്മാർട് ഫോൺ മോഡലുകൾക്ക് ക്യാഷ് ബാക്ക് ഓഫറുകൾ പ്രഖ്യാപിച്ച് ഇന്ത്യയിലെ ഏറ്റവും വലിയ ഇലക്ട്രോണിക്സ് ബ്രാൻഡ് ആയ സാംസങ്. സാംസങിന്റെ സിഗ്നേച്ചർ ഗ്യാലക്സി ഡിസൈനിൽ പ്രീമിയം എക്സ്പീരിയൻസാണ് ഉപഭോക്താക്കൾക്ക് ഗാലക്സി എ34 5ജി സ്മാർട് ഫോൺ വാഗ്ദാനം ചെയ്യുന്നത്. വെളിച്ചം കുറവുള്ള സാഹചര്യങ്ങളിൽ കൂടുതൽ വ്യക്തതയുള്ള ഇമേജുകളും വീഡിയോകളും ഷൂട്ട് ചെയ്യുവാനുള്ള നൈറ്റോഗ്രഫി ഫ്ലാഗ്ഷിപ്പ് ഫീച്ചറും എ34 5ജി സ്മാർട് ഫോണിൽ ഉപഭോക്താക്കൾക്ക് ലഭിക്കും. ഏറ്റവും മികച്ച ഐപി67 റേറ്റിംഗ്, ഗൊറില്ല ഗ്ലാസ് 5 സുരക്ഷ, 4 ആൻഡ്രോയ്ഡ് ഒഎസ് അപ്ഗ്രേഡുകൾ, 5 സുരക്ഷാ അപ്ഡേറ്റുകൾ തുടങ്ങിയവയോടുകൂടി ആശങ്കാരഹിതമായ ഉപഭോക്തൃ അനുഭവം എ35 5ജി മോഡലുകളിൽ സാസംങ് ഉറപ്പാക്കുന്നു.

കമ്പനി നൽകുന്ന ഏറ്റവും പുതിയ ഓഫർ പ്രകാരം ഇപ്പോൾ ഗ്യാലക്സി എ34 5ജി വാങ്ങിക്കുന്ന ഉപഭോക്താക്കൾക്ക് 3,000 രൂപയുടെ കിഴിവ് ലഭിക്കും. 27,499 രൂപ പ്രാരംഭ വിലയുള്ള 8 ജിബി + 128 ജിബി മോഡൽ 24,499 രൂപയ്ക്കും, 8 ജിബി + 256 ജിബി മോഡൽ 26,499 രൂപയ്ക്കും ഇപ്പോൾ ഉപഭോക്താക്കൾക്ക് ലഭിക്കും.

ഫ്ളോട്ടിംഗ് ക്യാമറ സംവിധാനമാണ് ഗ്യാലക്സി എ34 5ജിയിൽ ഉള്ളത്, ഒപ്പം ഡിവൈസിന്റെ നിറത്തിനോട് യോജിച്ച മെറ്റൽ ക്യാമറ ഡെകോയും. വയലറ്റ്, ലൈം, സിൽവർ, ഗ്രാഫൈറ്റ് എന്നിങ്ങനെ നാല് ട്രെൻഡി നിറങ്ങളിൽ ഗ്യാലക്സി എ34 5ജി മോഡലുകൾ ലഭ്യമാണ്. ദീർഘകാലത്തേക്ക് ഈടു നിൽക്കുന്ന രീതിയിലാണ് ഡിവൈസിന്റെ നിർമാണം. ഈർപ്പത്തിൽ നിന്നും സുരക്ഷ ഉറപ്പാക്കുന്ന ഐപി 67 റേറ്റിംഗാണ് ഗ്യാലക്സി എ34 5ജിയ്ക്കുള്ളത്. അതായത് 30 മിനുട്ട് നേരം വരെ 1 മീറ്റർ ആഴത്തിൽ വെള്ളത്തിൽക്കിടന്നാലും ഡിവൈസിന് കേടുപാടുകൾ സംഭവിക്കുകയില്ല. അതോടൊപ്പം സ്ക്രാച്ചിൽ നിന്നും മറ്റു പരിക്കുകളിൽ നിന്നും രക്ഷ നേടുവാൻ സാധിക്കുന്ന ഗൊറില്ല ഗ്ലാസ് 5 സുരക്ഷയും ഫോണിനുണ്ട്. സൂപ്പർ അമോൾഡ് ടെക്നോളജിയിൽ യഥാർത്ഥ നിറങ്ങളിലുള്ള ഡിസ്പ്ലേയും, ഫാസ്റ്റ് മോഷനിൽ പോലും അനായാസേന സീൻ ടു സീൻ ട്രാൻസിഷൻ സാധ്യമാക്കുന്ന 120ഖ റീഫ്രഷ് റേറ്റും മികച്ച ഉപഭോക്തൃ അനുഭവം ഉറപ്പാക്കുന്നു.

48 എംപി ഒഐഎസ് പ്രൈമറി ലെൻസ്, 8 എംപി അൾട്ര വൈഡ് ലെൻസ്, 5 എംപി മാക്രോ ലെൻസ് എന്നിവയോടുകൂടിയാണ് ഗ്യാലക്സി എ34 5ജി തയ്യാറാക്കിയിട്ടുള്ളത്. അതോടൊപ്പം ഒബ്ജെക്ട് ഇറേസർ, ഇമേജ് റീമാസ്റ്റർ, ഇമേജ് ക്ലിപ്പർ എന്നിങ്ങനെയുള്ള ക്യാമറ എഐ ഫീച്ചറുകളും ഫോണിൽ സജ്ജമാക്കിയിട്ടുണ്ട്. അനാവശ്യമായ വസ്തുക്കളും, നിഴലുകളും, പ്രതിബിംബങ്ങളുമൊക്കെ ഇമേജുകളിൽ നിന്നും ഒബ്ജെക്ട് ഇറേസർ വഴി നീക്കം ചെയ്യാം. ഇമേജ് റീമാസ്റ്ററിലെ പുത്തൻ ഇമേജ് പ്രൊസസിംഗ് എഞ്ചിൻ ഫോട്ടോകൾ കൂടുതൽ മികവുറ്റതാക്കിമാറ്റും. ഇമേജ് ക്ലിപ്പറിലൂടെ ഉപഭോക്താക്കൾക്ക് അവരുടെ ഫോട്ടോകളിലെ സബ്ജക്റ്റുകളെ കട്ടൗട്ട് ചെയ്യുവാനും മറ്റെവിടെയെങ്കിലും ഉപയോഗിക്കുവാനും സാധിക്കും.

സാംസങിന്റെ ഡിഫൻസ് ഗ്രേഡ് സെക്യൂരിറ്റി ഗ്രേഡ് പ്ലാറ്റ്ഫോമായ കെനോക്സോടുകൂടിയാണ് ഗ്യാലക്സി എ34 5ജി പുറത്തിറക്കിയിരിക്കുന്നത്. റിയൽ ടൈമിൽ ഉപഭോക്താക്കളുടെ വ്യക്തിഗത വിവരങ്ങൾ സുരക്ഷിതമാക്കുവാൻ ഇതിലൂടെ സാധിക്കും. ഇവയ്ക്ക് പുറമേ, കൂടുതൽ മികവുറ്റ രീതിയിൽ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതിനായുള്ള ഫീച്ചറുകളും ഗ്യാലക്സി എ34 5ജിയിൽ സാംസങ് ഉപഭോക്താക്കൾക്ക് വാഗ്ദാനം ചെയ്യുന്നു.

SHUBHAM
MAAN
CRED

മുംബൈ മിറ്റിയോഴ്സിനെ തകർത്ത് ഹൈദരാബാദിന് ജയം

ചെന്നൈ: റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23 രണ്ടാം സീസണിൽ മുംബൈ മിറ്റിയോഴ്സിനെതിരെ ഹൈദരാബാദ് ബ്ലാക്ഹോക്സിന് ത്രസിപ്പിക്കുന്ന ജയം. ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന കളിയിൽ അഞ്ച് സെറ്റ് നീണ്ട ത്രില്ലറിലായിരുന്നു ഹൈദരാബാദിന്റെ ജയം. ആദ്യ രണ്ട് സെറ്റ് നഷ്ടമായ ശേഷമായിരുന്നു തിരിച്ചുവരവ്. ആവേശകരമായ അഞ്ചാം സെറ്റിൽ 20,18നായിരുന്നു അവരുടെ ജയം. സ്കോർ: 7,15, 12,15, 15,10, 15,11, 20,18). ഹൈദരാബാദിന്റെ അഷ്മത്തുള്ളയാണ് കളിയിലെ താരം.

സീസണിൽ ഹൈദരാബാദിന്റെ ആദ്യജയമാണ്. ആദ്യ കളിയിൽ ചെന്നൈ ബ്ലിറ്റ്സിനോട് തോറ്റിരുന്നു. മുംബൈയുടെ ആദ്യ തോൽവിയാണ്. ആദ്യ കളിയിൽ ഡൽഹി തൂഫാൻസിനെ തോൽപ്പിച്ചു. ഇന്ന് വൈകിട്ട് 6.30ന് നടക്കുന്ന മത്സരത്തിൽ ചെന്നൈ ബ്ലിറ്റ്സ് കൊച്ചി ബ്ലൂ സ്പൈക്കേഴ്സിനെ നേരിടും. ആദ്യ കളിയിൽ കൊച്ചി കാലിക്കറ്റ് ഹീറോസിനോട് തോറ്റിരുന്നു.

വർധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ സംബന്ധിച്ച ജനങ്ങളുടെ ആശങ്കകളെ നിസാരവൽക്കരിക്കരുത്: കെസിബിസി

കൊച്ചി: വനം വകുപ്പിന്റെ കണക്കനുസരിച്ച് കഴിഞ്ഞ എട്ട് വർഷങ്ങൾക്കുള്ളിൽ മാത്രം 55839 വന്യജീവി ആക്രമണങ്ങളാണ് കേരളത്തിലുണ്ടായത്. അതേ രേഖകൾ പ്രകാരം ഇക്കാലയളവിൽ നഷ്ടപ്പെട്ട മനുഷ്യ ജീവനുകൾ 910 ആണ്. വർഷങ്ങൾ പിന്നിടുംതോറും വന്യജീവി ആക്രമണങ്ങളുടെ എണ്ണവും രൂക്ഷതയും വർധിച്ചുകൊണ്ടിരിക്കുന്ന പ്രതിഭാസമാണ് കേരളത്തിലേത്. കഴിഞ്ഞ ഒരു വർഷമായി വയനാട്ടിലും പരിസര ജില്ലകളിലും സംഭവിക്കുന്ന വന്യജീവി ആക്രമണങ്ങളുടെ എണ്ണം കുത്തനെ ഉയർന്നിട്ടുണ്ട്. കഴിഞ്ഞ ഏതാനും ആഴ്ചകളായി സമാനതകളില്ലാത്ത വന്യജീവി ആക്രമണങ്ങളാണ് അവിടങ്ങളിൽ നടന്നുവരുന്നത്. കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടയിൽ മാത്രം മൂന്നുപേരുടെ ജീവൻ വയനാട്ടിൽ നഷ്ടപ്പെട്ടിരിക്കുന്നു.

കടുവ, ആന, കരടി, കാട്ടുപന്നി എന്നിങ്ങനെ മനുഷ്യർക്ക് ഉപദ്രവകാരികളായ ഏതാണ്ട് എല്ലാത്തരം വന്യമൃഗങ്ങളും ജനവാസമേഖലകളിൽ നിരന്തരം ഇറങ്ങുകയും മനുഷ്യജീവനും സ്വത്തിനും കടുത്ത ഭീഷണി സൃഷ്ടിക്കുകയും ചെയ്യുന്നു. നിരവധി വന്യജീവി ആക്രമണങ്ങൾ ഓരോ ദിവസവും റിപ്പോർട്ട് ചെയ്യപ്പെടുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് വനത്തോട് ചേർന്നുകിടക്കുന്ന ജനവാസമേഖലകളിൽ ഉള്ളവർ മാത്രമല്ല, കിലോമീറ്ററുകൾ ദൂരെ ഇതുവരെയും വന്യമൃഗ ശല്യം ഇല്ലാതിരുന്ന ഭാഗങ്ങളിൽ ജീവിക്കുന്നവരും കടുത്ത ഭീതിയിലാണ്. കേവലം ഒരു വർഷത്തിനിടയിലാണ് അത്തരം പല പ്രദേശങ്ങളിലും കടുവ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത് എന്നുള്ളതാണ് ശ്രദ്ധേയം. ദിനംപ്രതി വന്യജീവി അക്രമങ്ങൾ വർധിച്ചുവരുകയും സുരക്ഷിതത്വബോധം പൂർണ്ണമായും നഷ്ടപ്പെടുകയും ചെയ്തിരിക്കുന്ന പ്രദേശവാസികളുടെ ഇപ്പോഴത്തെ അവസ്ഥ ദയനീയമാണ്.

ഈ ഘട്ടത്തിൽ തികഞ്ഞ ഗൗരവത്തോടെ പ്രായോഗികവും സത്വരവുമായ ഇടപെടലുകൾ നടത്താൻ സംസ്ഥാന കേന്ദ്ര സർക്കാർ സംവിധാനങ്ങൾ തയ്യാറാകണം. ജനങ്ങളുടെ ആശങ്കകളെയും പ്രാണഭയത്തെയും അടിച്ചമർത്തി എളുപ്പവഴിയിൽ പ്രശ്നപരിഹാരം കണ്ടെത്താനുള്ള ശ്രമങ്ങളിൽനിന്ന് വനം വന്യജീവി വകുപ്പും ഉദ്യോഗസ്ഥരും പിന്മാറണം. ജനവാസ മേഖലകളിൽ വിഹരിക്കുന്ന ഉപദ്രവകാരികളായ വന്യമൃഗങ്ങളെ ഉടനടി പിടികൂടാൻ കഴിയുന്നില്ലെങ്കിൽ മനുഷ്യജീവന് ഉയർന്ന പരിഗണന നൽകി അവയെ വെടിവച്ചുകൊല്ലാനുള്ള നയ രൂപീകരണം ഉടനടി നടത്തണം. വനത്തിന്റെ സ്വാഭാവികമായ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്ന വിധത്തിൽ വർധിച്ചുകൊണ്ടിരിക്കുന്ന ആന, കടുവ, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങളുടെ എണ്ണം ക്രമീകരിക്കാനുള്ള നടപടികൾ താമസംവിനാ നടപ്പാക്കണം. വന്യജീവി ആക്രമണങ്ങൾ മൂലം ജീവനും സ്വത്തിനും നാശം സംഭവിക്കുകയും പരിക്കുകൾ ഏൽക്കുകയും വരുമാന നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുള്ളവർക്ക് ഉചിതമായ നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നതിൽ വീഴ്ച വരുത്തരുത്. കൂടുതൽ മൃഗങ്ങൾ വനം വിട്ട് ജനവാസ മേഖലകളിലേക്ക് ഇറങ്ങാതിരിക്കാനുള്ള നടപടികൾ ഉടനടി സ്വീകരിക്കണം. ജനങ്ങളുടെയും വളർത്തു മൃഗങ്ങളുടെയും ജീവനും സാധാരണ ജനങ്ങളുടെ സ്വത്തിനും ഭീഷണിയാകുന്ന വിധത്തിൽ തുടർന്നും വന്യജീവി ആക്രമണങ്ങൾ ഉണ്ടാകാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും സ്വീകരിക്കുകയും, ആവശ്യത്തിനുള്ള സേനകളെ അത്തരം മേഖലകളിൽ വിന്യസിക്കുകയും വേണം. ശാശ്വതമായ പ്രശ്ന പരിഹാരത്തിനായി സമഗ്രമായ നിയമനിർമ്മാണം നടത്തണം.

വന്യജീവി ആക്രമണങ്ങളിൽ ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട് വേദനയിൽ കഴിയുന്ന എല്ലാ കുടുംബങ്ങളോടും കേരള കത്തോലിക്കാ സഭയുടെ അനുശോചനം അറിയിക്കുന്നതോടൊപ്പം അതിജീവനത്തിനായി പൊരുതുന്ന ജനതയോട് പരിപൂർണ്ണ ഐക്യദാർഢ്യവും പ്രഖ്യാപിക്കുന്നു.

ഡിപി വേൾഡ്, ഡൽഹി ക്യാപിറ്റൽസ് വനിതാ ടീമിന്റെ ടൈറ്റിൽ പാർട്ട്ണർ

കൊച്ചി: ഡിപി വേൾഡും ഐപിഎൽ ടീമായ ഡൽഹി ക്യാപിറ്റൽസും പുതിയ ദീർഘകാല പാർട്ട്ണർഷിപ്പ് കരാറിലേർപ്പെട്ടു. ഈ വർഷം മുതൽ ടാറ്റാ വുമൺസ് പ്രീമിയർ ലീഗിന്റെ ഡൽഹി ക്യാപിറ്റൽസ് വനിതാ ടീം ടൈറ്റിൽ പാർട്ട്ണർ ആകുമെന്ന് ഡിപി വേൾഡ് പ്രഖ്യാപിച്ചു. ഡിപി വേൾഡും ഐപിഎൽ ഫ്രാഞ്ചൈസിയുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതായിരിക്കും പുതിയ പങ്കാളിത്തം. നിലവിൽ, ഡിപി വേൾഡ്, ഡെൽഹി ക്യാപിറ്റൽസ് പുരുഷ ടീമിന്റെ ഗ്ലോബൽ ലോജിസ്റ്റിക്സ് പങ്കാളിയാണ്.

വനിതാ ടീമിന്റെ ടൈറ്റിൽ പാർട്ണറായിക്കൊണ്ടു ഡൽഹി ക്യാപിറ്റൽസുമായുള്ള ഞങ്ങളുടെ പങ്കാളിത്തം വിപുലമാക്കുന്നതിൽ അവശഭരിതരാണെന്നു' ഡിപി വേൾഡ് ഉപഭൂഖണ്ഡ ലോജിസ്റ്റിക്സ് ചീഫ് കൊമേഴ്സ്യൽ ഓഫീസർ അശ്വനി നാഥ് പറഞ്ഞു. പങ്കാളിത്തത്തിന്റെ ഭാഗമായി, ഡിപി വേൾഡിന്റെ ബിയോണ്ട് ബൗണ്ടറീസ് സംരംഭത്തെ പിന്തുണച്ച് ഡൽഹി ക്യാപിറ്റൽസും ഒരുമിച്ച് പ്രവർത്തിക്കും. ഡിപി വേൾഡിന്റെ പരസ്പരബന്ധിതമായ ആഗോള ശൃംഖലയും സ്മാർട്ട് ലോജിസ്റ്റിക്സ് സംവിധാനങ്ങളും പ്രയോജനപ്പെടുത്തി ലോകമെമ്പാടുമുള്ള താഴെത്തട്ടിലെ ക്രിക്കറ്റ് ക്ലബ്ബുകൾക്കായി അൻപത് പുനർനിർമ്മിച്ച ഷിപ്പിംഗ് കണ്ടെയ്നറുകൾ രൂപകൽപ്പന ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും ലക്ഷ്യമിടുന്നതാണ് ഈ സംരംഭം. ഇതുവരെ നാല് ബെസ്പോക്ക് കണ്ടെയ്നറുകൾ 2,800ലധികം കിറ്റുകൾ നൽകി.

ഒറ്റ ക്ലിക്ക് പേയ്മെൻറുകൾ സാധ്യമാക്കി ആമസോൺ പേ ബാലൻസ്

കൊച്ചി: പേയ്മെൻറ് ആവശ്യങ്ങൾക്ക് അനായാസ പരിഹാരമായി ആമസോൺ പേ ബാലൻസ്. ആമസോൺ പേ ബാലൻസ് ഉപയോഗിക്കുന്നതിലൂടെ വ്യസ്ത്യസ്ത ആപ്പുകൾ, പേയ്മെൻറ് രീതികൾ, പേയ്മെൻറ് വിശദാംശങ്ങൾ നൽകൽ, ഓരോ ഇടപാടിനും ഒ!ടി!പി നൽകൽ, ഗേറ്റ്!വേകൾ ടൈമൌട്ടാകുന്നതിനു മുൻപ് ചെക്കൌട്ട് ചെയ്യണമെന്നുള്ള തിരക്കുകൂട്ടൽ എന്നീ ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാനാകും. ഭക്ഷണം ഓർഡർ ചെയ്യാൻ, റീച്ചാർജ്ജുകൾ, ഓൺലൈൻ ഷോപ്പിംഗ്, കാബ് ബുക്കിംഗ്, ബില്ലടയ്ക്കൽ പോലുള്ള എല്ലാവിധ ആവശ്യങ്ങളും ആമസോൺ പേ ബാലൻസ് വഴി വേഗമേറിയ ഒറ്റ ക്ലിക്ക് പേയ്മെൻറുകൾ സാധ്യമാണ്. പേയ്മെൻറുകൾ റദ്ദാവുകയോ റിട്ടേണുകൾ ഉണ്ടാവുകയോ ചെയ്താൽ ആമസോൺ പേ ബാലൻസിൽ ഉടനടി റീഫണ്ട് സാധ്യമാണ്.

വേഗമേറിയതും സുരക്ഷിതവും വിശ്വസനീയവുമായ ആമസോൺ പേ വാലറ്റ് തിരഞ്ഞെടുക്കുന്നതിലൂടെ ധാരാളം ഓഫറുകളും ലഭിക്കുന്നതാണ്. ഊബർ ആമസോൺ പ്രൈം എക്സ്ക്ലൂസീവ് വഴി ഓരോ റൈഡിലും 5% കാഷ്ബാക്ക്, ഫെബ്രുവരി 15 മുതൽ മാർച്ച് 10 വരെ സൊമാറ്റോ ഗോൾഡ് കാർണിവൽ ഓഫറിലൂടെ ചുരുങ്ങിയത് 300 രൂപയുടെ ഭക്ഷണ ഓർഡറുകളിൽ 40 രൂപ കാഷ്ബാക്ക്, ഡൈനിങ്ങിൽ ചുരുങ്ങിയത് 1500 രൂപയ്ക്ക് 150 രൂപ കാഷ്ബാക്ക്, ഫെബ്രുവരി 29 വരെ യുപിഐ ഉപയോഗിച്ച് വാലറ്റിലേയ്ക്ക് 500 രൂപയോ അതിൽ കൂടുതലോ ചേർക്കുകമ്പോൾ 25 രൂപ വരെ കാഷ്ബാക്ക്, വാലറ്റിൽ പണം ചേർക്കുകയോ ചിലവാക്കുകയോ ചെയ്യുന്ന എല്ലാത്തവണയും റിവാർഡുകൾ എന്നിവ സ്വന്തമാക്കാം.

ദുൽഖർ സൽമാനുമായി നിയോ 9 പ്രോയുടെ ഡിജിറ്റൽ കാമ്പെയിൻ

ന്യൂഡൽഹി: ഹൈ പെർഫോർമൻസ് സ്മാർട്ട് ഫോൺ ബ്രാൻഡ് ആയ ഐക്യു പുതിയ നിയോ 9 പ്രോ സ്മാർട്ട് ഫോണിനു വേണ്ടി സൂപർസ്റ്റാർ ദുൽഖർ സൽമാനുമായി കൈകോർക്കുന്നു. ഫെബ്രുവരി 18 ന് റിലീസ് ചെയ്ത കാമ്പെയ്ൻ വീഡിയോ, ഉപഭോക്താക്കൾക്ക് സമാനതകളില്ലാത്ത പ്രകടനം നൽകുന്നതിനായി ക്യുവൽകോം സ്നാപ്ഡ്രാഗൻ 8 ജനറേഷൻ 2 ചിപ്സെറ്റും സൂപ്പർകമ്പ്യൂട്ടിംഗ് ക്യു1 ഉം നൽകുന്ന പ്രീമിയം ലെതർ ഡിസൈനും ഊർജ്ജസ്വലമായ ഡ്യുവൽ ടോൺ ഡിസ്പ്ലേയും വരാനിരിക്കുന്ന ശദ്ധഛഛ നിയോ 9 പ്രോയെ ഹൈലൈറ്റ് ചെയ്യുന്നു. ഐക്യൂ നിയോ 9 പ്രോ ഫെബ്രുവരി 22ന് ഇന്ത്യയിൽ പുറത്തിറക്കും

ഐസിഎഐ എറണാകുളം ബ്രാഞ്ച്: സലിം എ. ചെയർപേഴ്സൺ, ജോബി ജോർജ് സെക്രട്ടറി

സലിം.എ, ജോബി ജോർജ്

കൊച്ചി: ഐസിഎഐ (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ) എറണാകുളം ബ്രാഞ്ച് പുതിയ ഭാരവാഹികളായി സലിം.എ (ചെയർപേഴ്സൺ), ജോബി ജോർജ് (സെക്രട്ടറി) എന്നിവരെ തെരഞ്ഞെടുത്തു. 2024 2025 കാലയളവിലേക്കാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. മറ്റു ഭാരവാഹികൾ: ആനന്ദ് എ.എസ് (വൈസ് ചെയർപേഴ്സൺ), ടോണി വർഗീസ് (ട്രഷറർ), രൂപേഷ് രാജഗോപാൽ (സിഎ വിദ്യാർഥി അസോസിയേഷൻ ചെയർപേഴ്സൺ), ആഷിൽ എം.എ, സുരേഷ് ജി, ദീപ വർഗീസ്, ജോസ് കെ.വി (മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ).

ഗർഭകാലത്ത് കഴിക്കേണ്ട ഭക്ഷണങ്ങൾ

ഡോ. ഉമ്മുസൽമ ടി
സ്പെഷ്യലിസ്റ്റ്, ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി, ആസ്റ്റർ മിംസ്
വിമെൻ & ചിൽഡ്രൻ,
കോട്ടക്കൽ

ഒരു കുട്ടിയുടെ ആരോഗ്യകരമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് ഗർഭിണികൾ നിർബന്ധമായും കഴിക്കേണ്ടത് പോഷകസമ്പുഷ്ടമായ ഭക്ഷണങ്ങളാണ്. അതിനാൽ തന്നെ ഗർഭകാലത്ത് നമ്മുടെ ഭക്ഷണക്രമം വളരെ അധികം ശ്രദ്ധ നൽകേണ്ട ഒന്നാണ്. ഗർഭിണികൾ അവർക്കിഷ്ടമുള്ളതെന്തും കഴിക്കണം എന്ന് പ്രായമായവർ പറ യുന്നത് ദോഷമേ ചെയ്യൂ. ഇഷ്ടമുള്ള ഭക്ഷണം കൂടുതൽ കഴിച്ചാൽ തടി കൂടുന്നതോടൊപ്പം ഷുഗർ, കൊളസ്ട്രോൾ തുടങ്ങിയ ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകാനുള്ള സാധ്യത ഏറെയാണ്.

ഗർഭിണികൾ ആരോഗ്യകരമായ ജീവിതശൈലി പിന്തുടരേണ്ടത് വളരെ അത്യാവശ്യമാണ്. ഗർഭകാലത്ത് എന്ത് ഭക്ഷണങ്ങൾ കഴിക്കണം, ഏതൊക്കെ ഭക്ഷണങ്ങൾ ഒഴിവാക്കണം എന്നത് പ്രാധാന്യത്തോടെ കാണേണ്ടതാണ്. ഒരു കുട്ടിയുടെ ആരോഗ്യകരമായ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് ഗർഭിണികൾ നിർബന്ധമായും കഴിക്കേണ്ടത് പോഷകസമ്പുഷ്ടമായ ഭക്ഷണങ്ങളാണ്. അതിനാൽ തന്നെ ഗർഭകാലത്ത് നമ്മുടെ ഭക്ഷണക്രമം വളരെ അധികം ശ്രദ്ധ നൽകേണ്ട ഒന്നാണ്. ഗർഭിണികൾ അവർക്കിഷ്ടമുള്ളതെന്തും കഴിക്കണം എന്ന് പ്രായമായവർ പറ യുന്നത് ദോഷമേ ചെയ്യൂ. ഇഷ്ടമുള്ള ഭക്ഷണം കൂടുതൽ കഴിച്ചാൽ തടി കൂടുന്നതോടൊപ്പം ഷുഗർ, കൊളസ്ട്രോൾ തുടങ്ങിയ ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകാനുള്ള സാധ്യത ഏറെയാണ്. അതിനാൽ ഗർഭിണിയുടെ ഭക്ഷണം കൂടുതൽ പോഷകസമൃദ്ധവും സമീകൃതവുമായിരിക്കാൻ ശ്രദ്ധിക്കണം. ഗർഭിണികൾ ദിവസവും കുറഞ്ഞത് 2000 കാലറി കഴിക്കണം. പ്രോട്ടീൻ, വിറ്റാമിനുകളും ധാതുക്കളും,ആരോഗ്യകരമായ കൊഴുപ്പ്,സങ്കീർണ്ണ കാർബോഹൈഡ്രേറ്റുകൾ, നാരുകളും ദ്രാവകങ്ങളും തുടങ്ങിയവ ഗർഭകാലത്ത് ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തേണ്ടതാണ് .

ഇലക്കറികൾ

ഇലക്കറികൾ ഫോളേറ്റ്, ഇരുമ്പ്, കാൽസ്യം തുടങ്ങിയ പ്രധാന പോഷകങ്ങളാൽ സമ്പന്നമാണ്. ഗർഭകാലത്ത് വിളർച്ച തടയാൻ സഹായിക്കുന്നു. ഇവയിൽ ഫോളിക് ആസിഡ് കൂടുതലായി അടങ്ങിയിരിക്കുന്നതിനാൽ ഗർഭിണികളിലുണ്ടാകുന്ന വിളർച്ചയ്ക്കും ക്ഷീണത്തിനും ഒരു പരിഹാരവുമാകും.

പാലുൽപ്പന്നങ്ങൾ

കാൽസ്യത്തിന്റെ മികച്ച സ്രോതസ്സാണ് പാലുൽപ്പന്നങ്ങൾ. പാൽ, ചീസ്, തൈര് തുടങ്ങിയ പാലുൽപ്പന്നങ്ങൾ ഭക്ഷണക്രമത്തിൽ ഉൾപെടുത്തേണ്ടതാണ്. ഗർഭിണികൾ ദിവസവും ഒരു ഗ്ലാസ് പാലെങ്കിലും കുടിക്കേണ്ടത് അത്യാവശ്യമാണ്. പ്രമേഹമുള്ളവർ പാട മാറ്റിയ പാൽ വേണം കുടിക്കാൻ.

പഴങ്ങൾ

പ്രധാനപ്പെട്ട വിറ്റാമിനുകളും ധാതുക്കളും നൽകുന്നു. ആരോഗ്യകരമായ രോഗപ്രതിരോധ സംവിധാനത്തെ പിന്തുണയ്ക്കാനും സഹായിക്കുന്നു.

ചിക്കൻ, മീൻ, മുട്ട

പ്രോട്ടീൻ സ്രോതസ്സുകളായ ചിക്കൻ, മീൻ എന്നിവ ഇരുമ്പ്, സിങ്ക്, വിറ്റാമിൻ ബി 12 എന്നിവ പോലുള്ള പ്രധാന പോഷകങ്ങൾ നൽകുന്നു. മുട്ട കഴിക്കുന്നതിലൂടെ ഉയർന്ന അളവിൽ കാത്സ്യവും പ്രോട്ടീനും ശരീരത്തിലെത്തുന്നു. ഗർഭസ്ഥശിശുവിന്റെ ആരോഗ്യത്തിനും പ്രോട്ടീന്റെ അളവ് അമ്മയുടെ ശരീരത്തിലെത്തേണ്ടത് ആവശ്യമാണ്.

ധാന്യങ്ങൾ

ആരോഗ്യകരമായ ദഹനം പ്രോത്സാഹിപ്പിക്കാൻ കഴിയും. നാരുകൾ, പ്രോട്ടീൻ, ഇരുമ്പ്, ഫോളേറ്റ്, കാൽസ്യം എന്നിവ ഗർഭകാലത്ത് നമ്മുടെ ശരീരത്തിന് വളരെ ആവശ്യമുള്ളതാണ്. ഡോക്ടറിന്റെ നിർദേശപ്രകാരം മറ്റ് വിറ്റാമിൻ സപ്ലിമെൻറ്സ് കഴിക്കാവുന്നതാണ് . ഓട്ട്സ്, കിനോവ എന്നിവ പോലുള്ള ചില ധാന്യങ്ങളിൽ ആവശ്യമായ അളവിൽ പ്രോട്ടീൻ അടങ്ങിയിട്ടുണ്ട്. ഗർഭിണികളിൽ പലപ്പോഴും കുറവുള്ള ബി വിറ്റാമിനുകൾ, ഫൈബർ, മഗ്നീഷ്യം എന്നിവയും ഇതിൽ അടങ്ങിയിട്ടണ്ട് .കഫീൻ അടങ്ങിയ എല്ലാ പാനീയങ്ങളുടെയും ഉപയോഗം, എത്ര കുറഞ്ഞ അളവിലാണ് കഴിക്കുന്നതെങ്കിലും മദ്യം, പൈനാപ്പിൾ, പപ്പായ പോലുള്ള പഴങ്ങൾ പുകവലി തുടങ്ങിയവ ഒഴിവാക്കാം.

കന്നുകാലികളിൽ ലിംഗ നിർണ്ണയം നടത്തിയ ബീജത്തിന്റെ വിതരണം വ്യാപകമാക്കും മന്ത്രി ജെ ചിഞ്ചുറാണി

തിരുവനന്തപുരം: കന്നുകാലികൾക്കായുള്ള സെക്സ് സോർട്ടഡ് സെമൻ വിതരണം സംസ്ഥാനത്താകമാനം നടപ്പിലാക്കാൻ സർക്കാർ പദ്ധതി രൂപീകരിച്ചതായി സംസ്ഥാന ക്ഷീര കർഷക സംഗമം പടവ് 2024 ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി ജെ ചിഞ്ചുറാണി പ്രസ്താവിച്ചു. നിലവിൽ തിരുവനന്തപുരം കൊല്ലം ജില്ലകളിൽ ആരംഭം കുറിച്ചിട്ടുള്ള വിതരണം സമഗ്രമാകുന്നതോടെ ഉല്പാദനത്തിൽ ഒരു കുതിച്ചു ചാട്ടം തന്നെയാണ് പ്രതീക്ഷിക്കുന്നത്. ഇതിനു പുറമെ പശുക്കളുടെ ആരോഗ്യ ജനിതക പ്രത്യേകതകൾ ഉൾക്കൊള്ളുന്ന ഹെൽത്ത് ടാഗുകൾ നൽകുന്നത് വഴി പശുപരിപാലനം കാര്യക്ഷമം ആക്കാൻ കഴിയും. ഹെൽത്ത് ടാഗ് വിതരണം വ്യാപകമാക്കാൻ പദ്ധതി ആവിഷ്കരിക്കും.

സർക്കാരിന്റെ പ്രവർത്തനങ്ങൾ മുഖേന മെച്ചപ്പെട്ട ഉപജീവന മാർഗ്ഗമായി പശു പരിപാലനത്തെ മാറ്റിയെടുക്കാനും, യുവ സംരഭകർ ഈ മേഖലയിലേക്ക് ധാരാളമായി കടന്നു വരാനുള്ള സാഹചര്യങ്ങൾ ഒരുക്കാനും കഴിഞ്ഞതായി മന്ത്രി സൂചിപ്പിച്ചു. കോവിഡും പ്രളയവും സൃഷ്ടിച്ച നാശ നഷ്ടങ്ങളെ അതിജീവിച്ചുകൊണ്ട് ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തതക്ക് അടുത്തെത്താൻ സാധിച്ചു. ക്ഷീര കർഷക സൗഹൃദ സംസ്ഥാനമായി മാറാൻ നമുക്ക് കഴിഞ്ഞു. അധിക ഉല്പാദന കാലയളവുകളിൽ പരിപൂർണ്ണ പാൽ സംഭരണം ഉറപ്പു വരുത്തുന്നതിനായി മലപ്പുറം ജില്ലയിൽ പാൽ പൊടി ഫാക്ടറി നിർമാണം ദ്രുദ ഗതിയിൽ പുരോഗമിച്ചു വരികയാണെന്നും ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു. ഉല്പാദന ക്ഷമതയിൽ രാജ്യത്തു രണ്ടാം സ്ഥാനത്തുള്ള സംസ്ഥാനത്തിലെ പശുക്കളുടെ ഉല്പാദനം കൂട്ടുന്നത് വഴി തന്നെ സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കും. ഇതിനു സഹായകമായ രീതിയിൽ ഏറ്റവും ഗുണമേന്മയുള്ളതും സുരക്ഷിതവുമായ തീറ്റ ഉരുക്കൾക്ക് ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുന്നതിനു വേണ്ടിയാണ് കാലിത്തീറ്റ ബിൽ പാസ്സാക്കിയിട്ടുള്ളത്. മായം കലർന്ന തീറ്റ വിതരണം ചെയ്യുന്നവർക്ക് കടുത്ത ശിക്ഷ ഉറപ്പാക്കാൻ ഇതുവഴി സാധിക്കും. പാൽ സംഭരണ സമയം 12 മണിക്കൂർ ഇടവേള ഉള്ള രീതിയിൽ ആക്കിയതു വഴി ഉല്പാദനത്തിലും ഉരുക്കളുടെ ആരോഗ്യത്തിലും മികവ് കണ്ടെത്താൻ സാധിച്ചു.

ഇടുക്കി ജില്ലയിലെ ഗ്രാമീണ മലയോര മേഖലകളിൽ വെറ്ററിനറി സേവനം ഉറപ്പാക്കുന്നതിനായി മൂന്ന് പുതിയ മൊബൈൽ വെറ്ററിനറി ക്ലിനിക്കുകൾ സ്ഥാപിക്കും. ക്ഷീര ലയം പദ്ധതി മുഖേന തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് അധികവരുമാനം ഉറപ്പുവരുത്തി പശുപരിപാലനത്തിലൂടെ സ്വയം പര്യാപ്തരാകുന്നതിന് സന്നദ്ധരാക്കാൻ കഴിയും. കയർ, മത്സ്യ മേഖലയിലെ തൊഴിലാളികൾക്ക് ക്ഷീര തീരം പദ്ധതിയും അതി ദരിദ്രർക്ക് വേണ്ടിയുള്ള പ്രത്യേക പശു വിതരണ പദ്ധതിയും ദാരിദ്ര്യ ലഘൂകരണത്തിൽ വലിയ പങ്ക് വഹിച്ചതായി കാണാൻ കഴിയുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു. പീരുമേട് എം.എൽ.എ വാഴൂർ സോമൻ അദ്ധ്യക്ഷത വഹിച്ചു.ക്ഷീര വികസന വകുപ്പ് ഡയറക്ടർ ആസിഫ് കെ യൂസഫ് ഐ.എ.എസ് പദ്ധതി വിശദീകരണം നടത്തി.

സംസ്ഥാനത്തെ ഏറ്റവും മികച്ച ക്ഷീര കർഷകനുള്ള ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഉൾപ്പെടുന്ന ക്ഷീര സഹകാരി അവാർഡ് ക്ഷീര വികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണിയിൽ നിന്നും തൊടുപുഴ കുറുമുള്ളാനിയിൽ ഷൈൻ കെ ബി ഏറ്റുവാങ്ങി. ആപ്കോസ് വിഭാഗത്തിൽ മികച്ച ക്ഷീര സംഘത്തിനുള്ള ഡോ. വർഗീസ് കുര്യൻ അവാർഡ് കോഴിക്കോട് ജില്ലയിലെ മൈക്കാവ് ക്ഷീരോല്പാദക സഹകരണ സംഘം കരസ്ഥമാക്കി. നോൺ ആപ്കോസ് വിഭാഗത്തിൽ ഈ പുരസ്കാരം ഇടുക്കി ജില്ലയിലെ ലക്ഷ്മി മിൽക്ക് പ്രൊഡ്യൂസേഴ്സ് സഹകരണ സംഘം നേടി.

കെമിക്കൽ എമർജൻസി മോക്ക്ഡ്രിൽ 29 ന്

കൊച്ചി: ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ വ്യവസായ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കെമിക്കൽ എമർജൻസി മോക്ക് ഡ്രിൽ ഫെബ്രുവരി 29 ന് നടക്കും. കൊച്ചി റിഫൈനറി പരിസരത്ത് ബിപിസിഎല്ലിന്റെ സഹകരണത്തോടെയാണ് മോക്ക് ഡ്രിൽ സംഘടിപ്പിക്കുന്നത്. വ്യവസായ സ്ഥാപനങ്ങളിലെ രാസവസ്തുക്കളിൽ നിന്നുള്ള അപകട സാധ്യത കണക്കിലെടുത്ത് ദുരന്ത ലഘൂകരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് മോക്ക് ഡ്രിൽ സംഘടിപ്പിക്കുന്നത്.

കെമിക്കൽ എമർജൻസി മോക്ക് ഡ്രിൽ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ദുരന്ത നിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ വി ഇ അബ്ബാസിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. റോഡിന്റെ വശങ്ങളിൽ രാസവാതകങ്ങളുടെ ചോർച്ചയുണ്ടായാൽ അതേ സ്ഥലത്ത് തന്നെ ദുരന്ത ലഘൂകരണ മാർഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ബൂത്ത് സജ്ജമാക്കുന്നതിന് സർക്കാരിലേക്ക് അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം അറിയിച്ചു.

എച്ച്പിസി, ഐഒസി, എച്ച് ഒ സി തുടങ്ങിയ എല്ലാ എണ്ണക്കമ്പനികളുടെയും പൈപ്പ് ലൈനുകൾ ബിപിസിഎല്ലിൽ കൂടി കടന്നു പോകുന്നതിനാൽ എല്ലാ കമ്പനികൾക്കും മോക്ക് ഡ്രില്ലിന്റെ ഭാഗമാകാൻ കഴിയുമെന്നതിനാലാണ് ബിപിസിഎല്ലിൽ മോക്ക് ഡ്രിൽ സംഘടിപ്പിക്കുന്നത്. കെമിക്കൽ വ്യവസായ സ്ഥാപനങ്ങൾ ഏറ്റവും കൂടുതലുള്ള ജില്ല എന്ന നിലയിൽ ലോക്കൽ ക്രൈസിസ് യോഗം കൂടി ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തണമെന്ന് യോഗം വിലയിരുത്തി.

മോക്ക് ഡ്രിൽ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ടേബിൾ ടോപ്പ് എക്സർസൈസ് ഫെബ്രുവരി 27 ന് ബിപിസഎല്ലിൽ നടക്കും. എണ്ണ, പെട്രോളിയം സ്റ്റോറേജ് ഇൻസ്റ്റലേഷനുകൾ, എൽപിജി ബോട്ടിലിംഗ് പ്ലാന്റുകൾ, റിഫൈനറികൾ, പെട്രോകെമിക്കൽ യൂണിറ്റുകൾ, എൽ എൻ ജി ഇൻസ്റ്റലേഷനുകൾ, വളം തുടങ്ങി ജില്ലയിൽ 20 മേജർ ആക്സിഡന്റ് ഹസാഡ് യൂണിറ്റുകളാണ് ഉള്ളത്.

സൂര്യാഘാതം വ്യാപക പരിശോധനയുമായി തൊഴിൽ വകുപ്പ്

കൊച്ചി: കേരളത്തിൽ വേനൽക്കാലം ആരംഭിക്കുകയും പകൽ താപനില ക്രമാതീതമായി ഉയരുന്നതുമായ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ വെയിലത്ത് തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കുന്ന സാഹചര്യത്തിൽ തൊഴിൽ വകുപ്പ് തൊഴിലാളികളുടെ തൊഴിൽ സമയം പുനർ ക്രമീകരിച്ചുകൊണ്ട് ലേബർ കമ്മീഷണർ ഉത്തരവായിട്ടുണ്ട്.

പകൽ സമയം വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഉച്ചയ്ക്ക് 12 മണി മുതൽ മൂന്നു മണി വരെ വിശ്രമം ആയിരിക്കും.

മേൽ നിർദേശം പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ജില്ലാ ലേബർ ഓഫീസർ പി.ജി.വിനോദ് കുമാറിന്റെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധന ആരംഭിച്ചു. പ്രസ്തുത നിർദ്ദേശം പാലിക്കാത്ത തൊഴിലുടമകളോടും, കരാറുകാരോടും ലേബർ കമ്മീഷണറുടെ ഉത്തരവ് പാലിക്കണമെന്ന് ആദ്യഘട്ടം എന്ന നിലയിൽ കർശന നിർദേശം നൽകി. തുടർന്നും നിയമ ലംഘനം കണ്ടെത്തിയാൽ 1958ലെ മിനിമം വേജസ് ആക്ട് പ്രകാരം കർശന നടപടി സ്വീകരിക്കുമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു. നിയമ ലംഘനം കാണുന്ന പക്ഷം ജില്ലാ ലേബർ ഓഫീസ് എറണാകുളം ഫോൺ നമ്പറിൽ പരാതി വിളിച്ച് അറിയിക്കാവുന്നതാണ്

ഹരിത പദവിയിൽ ജില്ലയിലെ 474 സ്ഥാപനങ്ങൾ

കൊച്ചി: ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത പെരുമാറ്റചട്ട പാലനം ഉറപ്പാക്കിയ ജില്ലയിലെ 474 സ്ഥാപനങ്ങൾക്ക് ഹരിത സ്ഥാപനം പദവി. ശുചിത്വ മാലിന്യ സംസ്കരണവും ഹരിത ചട്ടപാലനവും ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ പരിശോധന ഫോറം അടിസ്ഥാനമാക്കിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ ഘടക സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയിൽ പരിശോധന നടത്തിയത്. പരിശോധനയിൽ 882 സ്ഥാപനങ്ങൾ ഗ്രേഡിങ്ങിന് അർഹത നേടി. വിവിധ മാനദണ്ഡങ്ങൾ പരിശോധിച്ചുള്ള ഗ്രേഡിങ്ങിൽ 474 സ്ഥാപനങ്ങൾക്ക് എ പ്ലസ്, എ ഗ്രേഡുകൾ ലഭിച്ചു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !
SHOT AT OWN SITE
THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
CUSTOMER SATISFACTION 100% GUARANTEED
CERTIFIED ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065,
RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA

FACTORY : KERALA
Kairady PO, Palakkad
+ 91 9288022663